## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1408** — **30.09.2011- ൽ മറുപടിക്ക്**

## കൃഷി ഓഫീസർമാരുടെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.കൃഷ്ണൻ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിൽ കൃഷി ഓഫീസർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് സ്ഥാപനം തിരിച്ച് വിശദമാക്കുമോ; | (എ) | കണ്ണൂർ ജില്ലയിൽ നിലവിൽ എട്ട് കൃഷി ഓഫീസർ മാരുടെ ഒഴിവുകൾ ഉണ്ട്. കൃഷിഭവനകളിലാണ് ഒഴിവുകൾ. അവ ചുവടെ ചേർക്കുന്നു.<br>(1) കരിവെള്ളൂർ (2) മുറ്റൂൾ (3) പയ്യന്നൂർ<br>(4) പാപ്പിനിശ്ശേരി (5) മയ്യിൽ (6) ന്യൂമാഹി<br>(7) മാങ്ങാചിടം (8) തൃപ്പംഗോട്ടൂർ. |
| (ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ചെയ്യുവരുടെ ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) കണ്ണൂർ ജില്ലയിലെ ചെറുപുഴയിൽ ആരംഭിച്ചിട്ടുള്ള കൃഷിഭവനിൽ നാല് വർഷം കഴിഞ്ഞിട്ടും കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക സൃഷ്ടിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) ഉണ്ടെങ്കിൽ കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി)യും (ഡി)യും | ഉണ്ട്. സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നമ്പർ.160/2005/എഡി, തീയതി.05.12.2005 പ്രകാരം പുതുതായി രൂപീകരിച്ച 20 കൃഷിഭവനിൽപ്പെടുന്നതാണ് പ്രസ്തുത ചെറുപുഴ കൃഷി ഭവൻ. ഈ കൃഷിഭവൻ ഉൾപ്പെടെ 20 കൃഷിഭവനകളിൽ 60 കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ